"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട ശ്രീ.സൈജു പി.എസ്-ന് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.72/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. ശ്രീ.സൈജു പി.എസ് ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 16.05.2018 തീയതിയിലെ അപേക്ഷ.
2. നഗരകാര്യഡയറക്ടറുടെ 27.05.2019 തീയതിയിലെ ഇ7-10814/19 നമ്പർ കത്ത്.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 06.12.2018 തീയതിയിലെ DR I(1)/50020/2018-kpsc(1) നമ്പർ കത്ത്.
4. 21.07.2023 തീയതിയിലെ എവിസി II- 1/28/2023-ഉഭപവ നമ്പർ അന്വേഷണറിപ്പോർട്ട്

**<u>ഉത്തരവ്</u>**

ശ്രീ.സൈജു.പി.എസ്. ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാമർശം 1 അപേക്ഷയിൽ 04.01.2014-ൽ പരീക്ഷ നടത്തി 2015ൽ പ്രസിദ്ധീകരിച്ച എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ 2018 മാർച്ച് 31 ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2 മിനിറ്റ് താമസിച്ചുപോയി എന്ന കാരണത്താൽ ഭിന്നശേഷിക്കാരനായ തന്റെ ജോലി നിഷേധിക്കപ്പെട്ടതായും, ആയതിനാൽ ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടുണ്ടായ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നും ഭിന്നശേഷിക്കാരനായ തനിക്ക് പി.എസ്.സി പരീക്ഷയെഴുതാനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ തനിക്ക് ജോലി ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പി.എസ്.സി.ക്ക് നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

2. പ്രസ്തുത അപേക്ഷയിൻമേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 2 റിപ്പോർട്ട് പ്രകാരം, എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസർ നൽകിയ 19.03.2018-ലെ അഡ്വൈസിൽ ക്രമ നം. 13 ആയി ഉൾപ്പെട്ട ശ്രീ. ജവഹർ കെ.കെ. എന്ന ഉദ്യോഗാർത്ഥി Differently Abled (Low Vision ടേൺ) എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ

നിയമനം ആവശ്യമില്ലായെന്ന് സൂചിപ്പിച്ച് ടി ഓഫീസിലേയ്ക്ക് 31.03.2018-ന് ഓഫീസ് സമയത്തിനു ശേഷം ഇ-മെയിൽ മുഖാന്തിരം നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നതും, ടിയാന് നിയമന ഉത്തരവ് ലഭിക്കുകയോ ടിയാന് നിയമനം ആവശ്യമില്ല എന്ന വിവരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി മുഖാന്തിരമോ നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നില്ലായെന്നും എന്നിരുന്നാലും Differently Abled (Low Vision) ടേണിൽ ടിയാന് നിയമനം ആവശ്യമില്ലാത്ത സാഹചര്യത്തിൽ അടുത്ത ഉദ്യോഗാർത്ഥിക്ക് (ശ്രീ.സൈജു.പി.എസ്.) നിയമന ശിപാർശ ലഭ്യമാകണമെന്ന സദുദ്ദേശത്തോടുകൂടി 2018 മാർച്ച് 31-ന് റാങ്ക് ലിസ്റ്റിലെ കാലാവധി അവസാനിക്കുന്ന തീയതിവരെ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സിക്ക് എൻ.ജെ.ഡിയായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു ഒഴിവ് രാത്രി 12.00 മണി കഴിഞ്ഞ് രണ്ട് മിനിട്ടിന് ശേഷം മാത്രമാണ് പി എസ് സി യ്ക്ക് ലഭിച്ചിട്ടുള്ളതെന്നും ആയത് സാങ്കേതിക പിഴവായി കണക്കാക്കണമെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നുവെങ്കിലും നിലവിലെ ചട്ടപ്രകാരം അപേക്ഷകന്റെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന് പരാമർശം 3 പ്രകാരം മറുപടി നൽകിയിരുന്നു.

4. നഗരകാര്യ ഡയറക്ടർ ഓഫീസിൽ നിന്നും കൃത്യ സമയത്ത് ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതു മൂലം അവസരം നഷ്ടമായെന്നു കാണിച്ച് 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ (നഗരകാര്യം) ഓഫീസിൽ ആകസ്മിക പരിശോധന നടത്തി പി.&എ.ആർ.ഡി. അഡീഷണൽ ചീഫ് സെക്രട്ടറി സമർപ്പിച്ച പരാമർശം 4 അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, 31.03.2018ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018-ൽ റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിലെ 2 ഒഴിവുകൾ ഉൾപ്പടെ 5 ഒഴിവുകൾ പി.എസ്.സി-ക്ക് ലഭിച്ചത് രാത്രി 12.00 മണിക്ക് ശേഷമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലാർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ട, ഭിന്നശേഷിക്കാരനായ ശ്രീ.സൈജു.പി.എസ്-ന് കെ.എസ് & എസ്.എസ്.ആർ റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി, ജോലിയിൽ പ്രവേശിക്കുന്ന തീയതി പ്രാബല്യം മുതൽ മാത്രമേ ടിയാൾക്ക് ടി തസ്തികയിൽ സീനിയോരിറ്റിയ്ക്കും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ, തദ്ദേശ സ്വയംഭരണ വകുപ്പിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. സൈജു.പി.എസ്.,സായൂജ്യം, നടക്കാവ് പി.ഒ., ഉദയംപേരൂർ-682307, തൃപ്പൂണിത്തുറ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഉദ്യോഗസ്ഥഭരണപരിഷ്കാര(അഡ്വൈസ് സി) വകുപ്പ് (15.07.2025 തീയതിയിലെ ADV C3/193/2018-P&ARD നമ്പർ കുറിപ്പ് പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 07-03-2026 10:19:23

സെക്ഷൻ ഓഫീസർ